# യോഹന്നാൻ എഴുതിയ മൂന്നാം ലേഖനം

## മുഖവുര

യോഹന്നാൻ തനിക്കു പ്രിയനായ ഗായൊസിന് ഈ ലേഖനം എഴുതി യിരിക്കുന്നു. യോഹന്നാന്റെ പ്രവർത്തനഫലമായി വിശ്വാസത്തിലേക്കു വന്നവനും മാതൃകാ ക്രിസ്തീയ പ്രവർത്തകനുമായിരുന്നു ഗായൊസ്. അതിഥിസൽക്കാരപ്രിയനായിരുന്ന ഗായൊസിനെ അപ്പൊസ്തലൻ പ്രശംസിക്കു വാനും പ്രോത്സാഹിപ്പിക്കുവാനുമായിട്ടാണ് ഈ ലേഖനം എഴുതിയിട്ടുള്ളത്. അന്നു സഭകളിൽ ശുശ്രൂഷിക്കുവാൻ ഉപദേഷ്ടാക്കന്മാർ പട്ടണംതോറും സഞ്ചരിച്ചിരുന്നു. അവരെ കൈക്കൊള്ളുവാനും ആതിഥ്യമര്യാദകൾ കാണിക്കു വാനും ഗായൊസ് അതീവ ഉത്സാഹം കാണിച്ചിരുന്നു. എന്നാൽ അവിടെ ഉണ്ടായിരുന്ന ദിയൊത്രെഫേസ് എന്ന കൂട്ടുമൂപ്പൻ നിഗളിയും അധികാരപ്രിയനും സുവിശേഷകന്മാരെ തിരസ്ക്കരിക്കുന്നവനുമായിരുന്നു. കൂടാതെ യോഹന്നാനെ നിരാകരിക്കയും ദുഷിക്കയും ചെയ്തു. തന്റെ അഭിപ്രായത്തോടു യോജിക്കാത്തവരെ സഭയിൽനിന്നും പുറത്താക്കുവാനും താൻ മടിച്ചിരുന്നില്ല. അങ്ങനെ പുറത്താക്കപ്പെട്ടവനായിരുന്നു സഹോദരന്മാരാൽ സാക്ഷ്യം ലഭിച്ചിരുന്ന ദെമേത്രിയൊസ്. ഈ സാഹചര്യത്തിൽ ക്രിസ്തീയ കൂട്ടായ്മയുടെ പ്രാധാന്യം ചൂണ്ടിക്കാണിച്ചുകൊണ്ട് അതിഥിസൽക്കാരത്തെ പ്രോത്സാഹിപ്പിക്കുവാൻ യോഹന്നാൻ ലേഖനം എഴുതിയിരിക്കുന്നു.

ലേഖന കർത്താവ് യോഹന്നാൻ അപ്പൊസ്തലനാണെന്ന് അഭിപ്രായ പ്പെടുന്നു. എ.ഡി. 90-ൽ എഫെസൊസിൽനിന്നും ഈ ലേഖനം എഴുതി എന്നു കരുതാം.

## ലേഖന വിഭജനം

1. ഗായൊസിന്റെ മാതൃകാശുശ്രൂഷയെ പ്രശംസിക്കുന്നു (1-8)
2. ദിയൊത്രെഫേസിനെ വിമർശിക്കുന്നു (9,10)
3. ദെമേത്രിയൊസിനെ അനുകരിക്കുക (11-15)

### അദ്ധ്യായം 1

## ഗായൊസിനുവേണ്ടിയുള്ള പ്രാർത്ഥനയും പ്രശംസയും (1-4)

മൂന്നാം ലേഖനം ആരംഭിക്കുന്നതും രണ്ടാം ലേഖനം ആരംഭിച്ചതുപോലെയാണ്. “മൂപ്പനായ ഞാൻ” യോഹന്നാൻ അപ്പൊസ്തലനെ സൂചിപ്പി ക്കുന്നു എന്ന് അഭിപ്രായപ്പെടുന്നു. അവൻ എഫെസൊസു സഭയിലെ മൂപ്പനും അപ്പൊസ്തലനുമായിരുന്നു. ഗായൊസിനാണ് ഈ ലേഖനം എഴുതിയത്. അത് ഒരു സാധാരണ നാമം ആയിരുന്നു. ഗായൊസ് യോഹന്നാനു പ്രിയ മക്കളിൽ ഒരുവനായിരുന്നു. യോഹന്നാന്റെ പ്രവർത്തനഫലമായി രക്ഷിക്കപ്പെട്ടവനായിരുന്നു എന്നു സാരം. ഗായൊസ് സഭയിലെ നേതാവും സത്യത്തിൽ നടക്കുന്നവനും അതിഥിപ്രിയനും ആയിരുന്നു. സാക്ഷാൽ സത്യമായ ക്രിസ്തുവിനെക്കുറിച്ചുള്ള അനുഭവജ്ഞാനം അവനെ സഹോദരസ്നേഹം ഉള്ളവനാക്കിയിരുന്നു.

രണ്ടു മുതലുള്ള വാക്യങ്ങളിൽ ഗായൊസിനുവേണ്ടിയുള്ള പ്രാർത്ഥന യാണ് കാണുന്നത്. യോഹന്നാനു ഗായൊസ് പ്രിയനാണ്. അത് തനിക്കുള്ള ക്രിസ്തീയബന്ധത്തെ കാണിക്കുന്നു. ഗായൊസിന്റെ ആത്മീയ അഭിവൃദ്ധിയും ശാരീരികക്ഷേമവും തന്റെ പ്രാർത്ഥനയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അവന്റെ ആത്മീയ അഭിവൃദ്ധിക്കാണ് പ്രാർത്ഥനയിൽ മുൻഗണന നൽകുന്നത്. തുടർന്ന് അവന്റെ ശരീരവും മനസ്സും ശുഭമായിരിക്കുവാൻ പ്രാർത്ഥിക്കുന്നു. നോസ്റ്റിക്കുവാദികൾക്കു ശരീരം പാപപങ്കിലവും താൽക്കാലികവും ആണ്. അവർ അതിനുവേണ്ടി പ്രാർത്ഥിക്കുന്നതു വ്യർത്ഥമാകുന്നു എന്നു വിശ്വസിച്ചിരുന്നു. ക്രിസ്തു ശാരീരിക ആവശ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചിരുന്നു. അവൻ ജനത്തെ വചനംകൊണ്ടു പോഷിപ്പിച്ചതിന്റെ ശേഷം അപ്പം നൽകി പോഷിപ്പിച്ചു (യോഹ. 6). ഇന്നും അനുകരിക്കുവാൻ യോഗ്യമായ മാതൃകയാകുന്നു അത്.

ഗായൊസ് സത്യത്തിൽ നടക്കുന്നു എന്ന വാർത്ത സഞ്ചാര സുവിശേഷക ന്മാരിൽനിന്നും അറിയുവാൻ യോഹന്നാനു സാധിച്ചു. അതു യോഹന്നാനു വളരെ സന്തോഷം ഉളവാക്കി. ദൈവവചനസത്യങ്ങൾ ഗ്രഹിച്ച് അതിൻ പ്രകാരം ജീവിക്കുന്നതു സ്വന്തജീവിതത്തിലും, മറ്റുള്ളവർക്കും സന്തോഷം നൽകുവാൻ കാരണമാകും. ഗായൊസ് യോഹന്നാന്റെ പ്രവർത്തനഫലമായി രക്ഷിക്കപ്പെട്ടവനാകയാൽ അതു വിശേഷാൽ സന്തോഷം ഉളവാക്കുന്ന വാർത്തയായിരുന്നു. വിശ്വാസികൾ മറ്റുള്ളവരുടെ ആത്മീയക്ഷേമം അന്വേഷിക്കുന്നവരും അതിൽ സന്തോഷിക്കുന്നവരും ആകണം.

## ഗായൊസ് മറ്റുള്ളവർക്ക് മാതൃകയുള്ളവൻ (5-8)

ഗായൊസ് അതിഥിസൽക്കാരിയായിരുന്നു. അവൻ അതിൽ വിശ്വസ്ത നാകുന്നു എന്നു സാക്ഷ്യം ലഭിച്ചവനാണ്. അപരിചിതരായ സഹോദരന്മാരെ അഥവാ സഞ്ചാര സുവിശേഷകന്മാരെ ക്രിസ്തീയ സ്നേഹത്തിൽ സ്വീകരിച്ച് അതിഥിസൽക്കാരം കാട്ടുവാൻ ഗായൊസ് സന്തോഷം പ്രകടിപ്പിച്ചിരുന്നു. മൂപ്പന്റെ യോഗ്യതകളിൽ ഒന്നാണ് ‘അവൻ അതിഥിപ്രിയൻ ആയിരിക്കണം’ എന്നുള്ളത് (1 തിമൊ. 3:2). സ്ഥലംസഭകൾ സ്ഥാപിക്കപ്പെടു

വാൻ സുവിശേഷകന്മാരുടെ പ്രവർത്തനം ആവശ്യമാകുന്നു. അവർ പുതിയ സ്ഥലങ്ങളിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ അവരെ സഹായിക്കുവാൻ സ്ഥലംസഭകൾ വിശ്വസ്തത കാട്ടണം. ഗായൊസ് അതിനു മാതൃകയാകുന്നു. അതു ക്രിസ്തീയ സ്നേഹത്തിന്റെ അടയാളം അത്രെ. കർത്തൃദാസന്മാരെ ദൈവത്തിനു യോഗ്യമാകുംവണ്ണം സ്വീകരിക്കയും യാത്ര അയയ്ക്കയും ചെയ്യണം. അവർ അവിശ്വാസികളിൽനിന്നും സഹായം സ്വീകരിക്കരുത്. കർത്താവിൽ ആശ്രയിച്ചു പ്രവർത്തിക്കുന്നവരെ സഹായിക്കുവാൻ വിശ്വാസികൾക്ക് ഉത്തര വാദിത്വം ഉണ്ട് (1 കൊരി. 9:14; ഗലാ. 6:6). നാം കർത്തൃശുശ്രൂഷയിൽ കൂട്ടുവേലക്കാരാകുന്നു. കർത്തൃശുശ്രൂഷയിൽ മുൻനിരയിലുള്ളവരും പിൻനിരയിൽ നിന്നുകൊണ്ട് അവരെ സഹായിക്കുന്നവരും കർത്താവിനാൽ പ്രശംസിക്കപ്പെടും. ഗായൊസിന്റെ മാതൃക അനുകരിക്കുവാൻ നമുക്ക് ഇടയാകട്ടെ (2 കൊരി. 9:7).

## ദിയൊത്രെഫേസിനെ അനുകരിക്കരുത് (9-11)

ഗായൊസും ദിയൊത്രെഫേസും ഒരു സഭയിൽ ഉൾപ്പെട്ടവരോ അതോ രണ്ടു വ്യത്യസ്ത സഭകളിൽ ഉള്ളവരോ എന്നു തീർത്തു പറയുവാൻ സാധ്യ മല്ല. എന്നാൽ അവർ വ്യത്യസ്ത സ്വഭാവമുള്ളവൻ ആയിരുന്നു. ഗായൊസു സത്യത്തിൽ നടക്കുന്നവനും അതിഥിസൽക്കാരിയും സാക്ഷ്യം ലഭിച്ചവനുമാണ്. എന്നാൽ ദിയൊത്രെഫേസ് പ്രഥമസ്ഥാനം ആഗ്രഹിക്കുന്ന അധികാര മോഹിയും യോഹന്നാനെ അവഗണിക്കുന്നവനും ഏഷണി പറയുന്നവനും ദൈവദാസന്മാരെ കൈക്കൊള്ളാത്തവനും അവരെ സ്വീകരിക്കുന്നവരെ പീഡിപ്പിക്കുന്നവനും ആയിരുന്നു. അവൻ പരീശന്മാരുടെ കപടഭക്തിക്ക് അടിമയായിരുന്നു (മത്താ. 23:6). ക്രിസ്തുവിന്റെ മാതൃക മനഃപൂർവ്വം അവഗണിച്ചുകൊണ്ടു ദൈവജനത്തിനു മാതൃകയല്ലാത്തവനായി തീർന്നു (മർക്കൊ. 10:44). അവൻ യോഹന്നാൻ അയച്ചിരുന്ന കത്ത് അവഗണിച്ചുകൊണ്ടു സഭയുടെ മേൽ സ്വേച്ഛാധിപത്യം നടത്തിയിരുന്നു. അവന്റെ പ്രവൃത്തികൾ തിന്മ നിറഞ്ഞതായിരുന്നു. കർത്താവിന്റെ ദാസന്മാരെ അവഗണിക്കുന്നതു കർത്താവിനെ അവഗണിക്കുന്നതിനു തുല്യമാണ്. അതു കല്പനാലംഘനമാണ്. ഇതു ദൈവത്തിൽനിന്നും ജനിച്ചവരുടെ ലക്ഷണമല്ല. അവരെ ഒഴിഞ്ഞിരിക്കണം എന്ന് അപ്പൊസ്തലൻ ഗായൊസിനെ ഉദ്ബോധിപ്പിക്കുന്നു.

## ദെമേത്രിയൊസിനെ അനുകരിക്കുക (12)

ദെമേത്രിയൊസായിരിക്കണം ഈ ലേഖനം ഗായൊസിനു കൊണ്ടുവന്നവൻ എന്ന് അഭിപ്രായപ്പെടുന്നു. അവൻ അപ്പൊസ്തലനാലും കൂട്ടുസഹോദര ന്മാരാലും സാക്ഷ്യം ലഭിച്ചവനാണ്. അവൻ സത്യത്തിൽ നടന്നിരുന്നു എന്നു സാക്ഷ്യമുള്ളവനായിരുന്നു. ദൈവവചനത്തിന്റെ അടിസ്ഥാനത്തിലും ദെമേത്രിയൊസ് സാക്ഷ്യമുള്ളവനായിരുന്നു എന്നു ഗായൊസ് അറിഞ്ഞിരുന്നു. എത്ര നല്ല മാതൃക! അത് അനുകരിക്കുവാൻ നമുക്ക് ഇടയാകട്ടെ.

## ഉപസംഹാരം (13-15)

രണ്ടാം ലേഖനം ഉപസംഹരിക്കുന്നതുപോലെ ഈ ലേഖനം ഉപസംഹരിച്ചിരിക്കുന്നു. ക്രിസ്തുവിലുള്ള സമാധാനം ഗായൊസിന് അപ്പൊസ്തലൻ ആശംസിക്കുന്നു. എത്രയും വേഗം ഗായൊസിനെ സന്ദർശിക്കുവാനുള്ള തന്റെ ആഗ്രഹവും സൂചിപ്പിച്ചിരിക്കുന്നു. സഹോദരസഖിത്വം താൻ ആഗ്രഹിച്ചി രുന്നു. എഫെസൊസിലുള്ള സഹോദരന്മാരുടെ വന്ദനം എല്ലാവർക്കും ആശംസിച്ചുകൊണ്ടു ലേഖനം ഉപസംഹരിച്ചിരിക്കുന്നു.

* * *